"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഇലക്ട്രോണിക്സ് & വിവര സാങ്കേതിക വിദ്യാ വകുപ്പ് – സർക്കാരിന്റെ ഇലക്ട്രോണിക് ഫയലുകൾ, കത്തിടപാടുകൾ എന്നിവ കുറ്റമറ്റതാക്കുന്നതിനായി പോരായ്മകളില്ലാത്തതും, വേഗതയുള്ളതുമായ ഒരു ഓൺലൈൻ പ്ലാറ്റ്ഫോം സുതാര്യമായ നടപടികളിലൂടെ സൃഷ്ടിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഇലക്ട്രോണിക്സ് & വിവര സാങ്കേതിക വിദ്യാ(ഐ.ടി. സെൽ) വകുപ്പ്**

---

**സ.ഉ.(കൈ) നം.17/2021/വി.സാ.വ** തീയതി,തിരുവനന്തപുരം, 25/05/2021

---

പരാമർശം:- 20.05.2021 ലെ മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

---

**<u>ഉത്തരവ്</u>**

സർക്കാർ സംവിധാനത്തിൽ നിലവിലുള്ള ഫയൽ കൈകാര്യം ചെയ്യൽ, ഓഫീസുകൾ തമ്മിലുള്ള കത്തിടപാടുകൾക്കുള്ള സംവിധാനം എന്നിവ കൂടുതൽ കാര്യക്ഷമവും ജനോപകാരപ്രദവുമാക്കാൻ സമഗ്രവും കാലാനുസൃതമായ പരിഷ്ക്കരണം അനിവാര്യമാണ്. നിലവിലുള്ള സംവിധാനത്തിന്റെ പോരായ്മകൾ സർക്കാരിന്റെ ഇലക്ട്രോണിക് ഫയൽ, കത്തിടപാട് എന്നിവയുടെ കാര്യക്ഷമതയെ പ്രതികൂലമായി ബാധിക്കുന്നുണ്ട്. ഏതുവിധ സാഹചര്യങ്ങളിലും ഇലക്ട്രോണിക് ഫയൽ, ഇലക്ട്രോണിക് കത്തിടപാടുകൾ എന്നിവ യാതൊരു വിധത്തിലുള്ള പ്രതിസന്ധിയും നേരിടാത്ത അവസ്ഥ കൈവരിക്കേണ്ടതുണ്ട്. ചില അടിയന്തിര സാഹചര്യങ്ങളിൽ, നിലവിലെ സോഫ്റ്റ് വയറിലെ പ്രശ്നങ്ങൾ കാരണം സുഗമമായ ഫയൽ നീക്കം തടസ്സപ്പെടുന്ന സ്ഥിതിവിശേഷം സംജാതമാകുന്നുണ്ട്.

2.മേൽപറഞ്ഞ പോരായ്മകൾ സമഗ്രമായി പരിഹരിച്ച് കാര്യക്ഷമതയുള്ള ഒരു ഓൺലൈൻ പ്ലാറ്റ്ഫോം ഫയൽ നീക്കത്തിനായും ഓഫീസുകൾ തമ്മിലുള്ള കത്തിടപാടുകൾക്കായും സൃഷ്ടിക്കേണ്ടതുണ്ട്. ആയതിലേയ്ക്കായി താഴെ പറയുന്ന ഉത്തരവുകൾ പുറപ്പെടുവിക്കുന്നു.

i.സർക്കാരിന്റെ ഇലക്ട്രോണിക് ഫയലുകൾ, കത്തിടപാടുകൾ എന്നിവ പോരായ്മകളില്ലാത്തതും വേഗതയുള്ളതുമാക്കാൻ ഒരു ഓൺലൈൻ പ്ലാറ്റ്ഫോം സുതാര്യമായ നടപടികളിലൂടെ സൃഷ്ടിക്കേണ്ടതാണ്.

ii.പ്രസ്തുത നടപടികൾ പൂർത്തിയാക്കി ഓൺലൈൻ പ്ലാറ്റ്ഫോം 2021 സെപ്റ്റംബർ 30-നുള്ളിൽ നിലവിൽ വരുത്തേണ്ടതാണ്.

iii. മേൽ പറഞ്ഞ സംവിധാനം സമയബന്ധിതമായി നിലവിൽ വരുത്താൻ ചീഫ് സെക്രട്ടറി, ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, വിവര സാങ്കേതിക വിദ്യാ വകുപ്പ് സെക്രട്ടറി എന്നിവരടങ്ങുന്ന ഒരു സമിതിയെ ചുമതലപ്പെടുത്തുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
K MOHAMMED Y SAFIRULLA IAS
**അഡിഷണൽ സെക്രട്ടറി**

ചീഫ് സെക്രട്ടറി
അഡീഷണൽ ചീഫ് സെക്രട്ടറി, ധനകാര്യ വകുപ്പ്
ഡയറക്ടർ, കേരളാ സ്റ്റേറ്റ് ഐ.ടി മിഷൻ, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ(എ&ഇ/ആഡിറ്റ്) കേരള,തിരുവനന്തപുരം
ധനകാര്യ വകുപ്പ്
പൊതു ഭരണ (എസ്.സി) വകുപ്പ് (ഇനം:8, തീയതി:20.05.2021)
കരുതൽഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്

മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ചീഫ് സെക്രട്ടറിയുടെ സ്പെഷ്യൽ സെക്രട്ടറിക്ക്
ഐ.ടി വകുപ്പ് സെക്രട്ടറിയുടെ പി.എയ്ക്ക്

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 20-05-2021

ഇനം നം: 8

O.A.

വിഷയം : വിവര സാങ്കേതിക വിദ്യാ വകുപ്പ് - സർക്കാരിന്റെ ഇ-ഫയലുകൾ, കത്തിടപാടുകൾ എന്നിവ പോരായ്മകളില്ലാത്തതും, വേഗതയുള്ളതുമാക്കാൻ ഒരു ഓൺലൈൻ പ്ലാറ്റ്ഫോം സുതാര്യമായ നടപടികളിലൂടെ സൃഷ്ടിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശങ്ങൾ അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. വി പി ജോയ്
ചീഫ് സെക്രട്ടറി

സെക്രട്ടറി, വിവര സാങ്കേതിക വിദ്യാ വകുപ്പ്.
അഡീഷണൽ ചീഫ് സെക്രട്ടറി, ധനകാര്യ വകുപ്പ്.

**O.A (8)**

*(20.05.2021)*

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

സർക്കാർ സംവിധാനത്തിൽ നിലവിലുള്ള ഫയൽ, ഓഫീസുകൾ തമ്മിലുള്ള കത്തിടപാടുകൾക്കുള്ള സംവിധാനം കൂടുതൽ കാര്യക്ഷമമാക്കാനും ജനോപകാരപ്രദമാക്കാനും സമഗ്രമായ ഒരു അഴിച്ചുപണി അനിവാര്യമാണ്. നിലവിലുള്ള സംവിധാനത്തിന്റെ പോരായ്മകൾ നമ്മുടെ ഇലക്ട്രോണിക് ഫയൽ, കത്തിടപാട് എന്നിവയുടെ കാര്യക്ഷമതയെ പ്രതികൂലമായി ബാധിക്കുന്നുണ്ട്. ഏതുവിധ സാഹചര്യങ്ങളിലും ഇ–ഫയൽ, ഇലക്ട്രോണിക് കത്തിടപാടുകൾ എന്നിവ യാതൊരു വിധത്തിലുള്ള പ്രതിസന്ധിയും നേരിടാത്ത അവസ്ഥ കൈവരിക്കാനാകണം. ഇപ്പോൾ ചില അടിയന്തിര സാഹചര്യങ്ങളിൽ സോഫ്റ്റ്വെയർ പ്രശ്നങ്ങൾ കാരണം സുഗമമായ ഫയൽ നീക്കം തടസ്സപ്പെടുന്ന സ്ഥിതിവിശേഷം സംജാതമാകുന്നുണ്ട്.

മേൽപറഞ്ഞ പോരായ്മകൾ സമഗ്രമായി പരിഹരിച്ച് കാര്യക്ഷമതയുള്ള ഒരു ഓൺലൈൻ പ്ലാറ്റ്ഫോം ഫയൽ നീക്കത്തിനായും ഓഫീസുകൾ തമ്മിലുള്ള കത്തിടപാടുകൾക്കായും സൃഷ്ടിക്കേണ്ടതുണ്ട്. ഇതിനായുള്ള നടപടിക്രമങ്ങൾ മുന്നോട്ടുനീക്കാൻ

സർക്കാർ തലത്തിൽ തീരുമാനം കൈക്കൊള്ളുകയും ചെയ്തിട്ടുണ്ട്. ഇത് സമയബന്ധിതമായി സുതാര്യമായ പ്രക്രിയയിലൂടെ നടപ്പിൽ വരുത്താൻ തീരുമാനം കൈക്കൊള്ളേണ്ടതുണ്ട്. ഇതിനായുള്ള നടപടിക്രമങ്ങൾ വേഗത്തിലാക്കി സെപ്റ്റംബർ 30-നകം പുതിയ ഓൺലൈൻ പ്ലാറ്റ്ഫോം നിലവിൽ വരുത്തണം എന്ന് തീരുമാനിക്കാവുന്നതാണ്.

**തീരുമാനിക്കേണ്ട വിഷയങ്ങൾ**

1. സർക്കാരിന്റെ ഇ-ഫയലുകൾ, കത്തിടപാടുകൾ എന്നിവ പോരായ്മകളില്ലാത്തതും വേഗതയുള്ളതുമാക്കാൻ ഒരു ഓൺലൈൻ പ്ലാറ്റ്ഫാം സുതാര്യമായ നടപടികളിലൂടെ സൃഷ്ടിക്കാൻ തീരുമാനിക്കാമോ?
2. നടപടികൾ പൂർത്തിയാക്കി ഓൺലൈൻ പ്ലാറ്റ്ഫോം സെപ്റ്റംബർ 30-നുള്ളിൽ നിലവിൽ വരുത്താമെന്നും തീരുമാനിക്കാമോ?
3. മേൽപറഞ്ഞ സംവിധാനം സമയബന്ധിതമായി നിലവിൽ വരുത്താൻ ചീഫ് സെക്രട്ടറി, ധനകാര്യവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, ഐ.ടി വകുപ്പ് സെക്രട്ടറി എന്നിവരടങ്ങുന്ന ഒരു സമിതിയെ ചുമതലപ്പെടുത്താമോ?